**ORTHODOX SYRIAN SUNDAY SCHOOL ASSOCIATION OF THE EAST**

**CLASS 5 (OSSAEEXAM 2025)**

**1) അബ്രാമിന്റെയും യോഖേബേദിന്റെയും ഇളയ കുഞ്ഞ് ആരാണ്?**

**A) മോശ**

B) അഹരോൻ

C) മിര്യാം

D) യോശുവ

**2) തന്റെ ജനത്തിന്റെ കഷ്ടതയിലും അവർ അനുഭവിച്ച പീഡകളിലും ദുഃഖിച്ച് വളർന്നത് ആര്?**

**A) മോശ**

B) ദാവീദ്

C) യഹൂദ

D) നോഹ

**3) ഏതു പുരോഹിതന്റെ മകളെയാണ് മോശ വിവാഹം കഴിച്ചത്?**

**A) ഇത്രോ**

B) അഹീമലേക്

C) അബ്യാഥാൻ

D) മൽക്കീസദേക്ക്.

**4) ഫറവോന്റെ മുൻപാകെ പ്രവർത്തിക്കുവാൻ ദൈവം എത്ര അടയാളങ്ങൾ മോശയ്ക്ക് കൊടുത്തു?**

**A) മൂന്ന്**

B) രണ്ട്

C) പന്ത്രണ്ട്

D) ഏഴ്

**5) അടുപ്പിലെ വെണ്ണീർ വാരി മോശ ആകാശത്തേക്ക് വിതറിയപ്പോൾ എന്ത് സംഭവിച്ചു?**

**A) മനുഷ്യരുടെയും മൃഗങ്ങളുടെയും മേൽ പുണ്ണായി പൊങ്ങുന്ന പരുവായിത്തീർന്നു.**

B) ആകാശത്തുനിന്നും മഴ പെയ്തു.

C) മനുഷ്യരുടെ ഉള്ളിൽ അനുതാപമുണ്ടായി.

D) ആകാശമെല്ലാം കാർമേഘങ്ങളാൽ നിറഞ്ഞ് മൂന്ന് ദിവസം ഇരുട്ടുണ്ടായി.

**6) ഈജിപ്റ്റ് ദേശമെല്ലാം നിലവിളി ഉണ്ടായത് ഏതു ബാധയെത്തുടർന്നാണ്?**

**A) കടിഞ്ഞൂൽ സംഹാരം**

B) ചെങ്കടൽ വിഭജനം

C) കൽമഴ

D) നൈൽ നദിയിലെ പ്രളയം

**7) 'പത്തു പേരിൽ കുറയാത്ത ഓരോ കുടുംബവും വീട്ടിൽ വച്ച് ആചരിക്കണം' എന്ന് നിഷ്കർഷയുള്ള, യഹൂദന്മാരുടെ പെരുന്നാൾ ഏതാണ്?**

**A) പെസഹാ**

B) പുരീം

C) പെന്തിക്കോസ്തി

D) കൂടാരപ്പെരുന്നാൾ

**8) 'പാപികളുടെ വീണ്ടെടുപ്പിനായുള്ള യാഗം' എന്നു പുതിയനിയമം വിശേഷിപ്പിക്കുത് ഏതാണ്?**

**A) വിശുദ്ധ കുർബാന**

B) നോമ്പ്

C) ഹോമയാഗം

D) സമാധാനയാഗം

**9) ഈജിപ്റ്റിൽ നിന്നും യഹൂദജനം വിമോചിതരായപ്പോൾ സന്തോഷത്തോടെ തപ്പെടുത്ത് കൊട്ടികൊണ്ട് ഗാനം പാടിയതാര്?**

**A) മിര്യം**

B) ദെബോര

C) ഹന്നാ

D) റാഹേൽ

**10) 'ഇറച്ചികലങ്ങളുടെ അടുക്കൽ ഇരുന്ന് ഭക്ഷണം തൃപ്തിയായി കഴിച്ചു' എന്ന് ഓർത്ത് വിലപിച്ച ജനം ഏതാണ്?**

**A) യഹൂദന്മാർ**

B) ഫെലിസ്ത്യർ

C) അമോര്യർ

D) ഈജിപ്റ്റുകാർ

**11) യിത്രോയിൽനിന്നും മോശ പഠിച്ച ഭരണപരമായ പാഠം ഏത്?**

**A) അധികാര വികേന്ദ്രീകരണം**

B) വിഭജിച്ചു ഭരിക്കുക

C) ഏകാധിപതിയായി ഭരണം നിർവ്വഹിക്കുക

D) ജനാധിപത്യ സംവിധാനം

**12) ശ്രോതാക്കളോട് ദൈവിക രഹസ്യങ്ങളെ വെളിപ്പെടുത്തുന്നതിന് യേശു ഉപയോഗിച്ച രീതി ഏതാണ്?**

**A) ഉപമകൾ**

B) കവിതകൾ

C) നർമ്മങ്ങൾ

D) ആംഗ്യങ്ങൾ

**13) എവിടെ വീണ വിത്താണ് 'ലോകത്തിന്റെ ചിന്തയും ധനത്തിന്റെ മോഹവും' മൂലം ഫലം പുറപ്പെടുവിക്കുവാൻ കഴിയാതെ പോയത്?**

**A) മുള്ളിനിടയിൽ**

B) വഴിയരികിൽ

C) തീയിൽ

D) പാറപ്പുറത്ത്

**14) തേജസ്കരണ വേളയിൽ യേശു മോശയോടും ഏലിയാവിനോടും സംസാരിച്ച വിഷയം എന്താണ്?**

**A) യെറുശലേമിൽ സംഭവിപ്പാനിരിക്കുന്ന കുരിശുമരണം.**

B) യോർദാൻ നദിയിലെ സ്നാനം.

C) ലാസറിന്റെ ഉയിർത്തെഴുന്നേൽപ്പ്.

D) പെന്തിക്കോസ്തിയിൽ ശിഷ്യർക്ക് പരിശുദ്ധാത്മാവിനെ ലഭിക്കുന്നത്.

**15) ഒമ്പതാംമണി നമസ്കാര സമയം എപ്പോഴാണ്?**

**A) ഉച്ചകഴിഞ്ഞ് 3 മണി.**

B) രാത്രിനമസ്കാരം മൂന്നാം കൗമാ.

C) രാത്രിനമസ്കാരം ഒൻപതാം കൗമാ.

D) സൂത്താറായ്ക്കും പ്രഭാതത്തിനും ഇടയിൽ.

**16) കർതൃപ്രാർത്ഥന അവസാനിക്കുന്നത് എപ്രകാരമാണ്?**
**A) പരിപൂർണ്ണ സമർപ്പണം പ്രഖ്യാപിച്ചുകൊണ്ട്.**
B) വിശുദ്ധരുടെ മധ്യസ്ഥത അഭ്യർത്ഥിച്ച്.
C) വാങ്ങിപ്പോയവരുടെ സ്മരണയോടെ.
D) ദുഷ്ടനിൽനിന്നും ഞങ്ങളെ രക്ഷിക്കണമെ എന്നു പ്രാർഥിച്ചുകൊണ്ട്.

**17) ആടുകൾക്ക് സംരക്ഷണം നൽകുകയും അവരെ നിയന്ത്രിക്കുകയും അവരോടൊപ്പം എപ്പോഴും ആയിരിക്കുകയും ചെയ്യുന്ന ഇടയനെ കുറിച്ച് വർണ്ണിക്കുന്ന സങ്കീർത്തനം ഏതാണ്?**
**A) 23**
B) 51
C) 119
D) 150

**18) വി. യോഹന്നാൻ 10:1-15 വരെയുള്ള വേദഭാഗത്ത് പരാമർശിക്കുന്ന വിഷയം എതാണ്?**
**A) നല്ല ഇടയന്റെ പ്രത്യേകതകൾ.**
B) വിതക്കാരന്റെ ഉപമ.
C) മുടിയനായ പുത്രന്റെ ഉപമ.
D) ഗിരിപ്രഭാഷണം.

**19) വി. മത്തായി 5:3-10 വരെയുള്ള വേദഭാഗങ്ങളിലെ പരാമർശ വിഷയം എന്താണ്?**
**A) അനുഗ്രഹീതരെക്കുറിച്ചുള്ള ഭാഗ്യവർണ്ണന.**
B) താലന്തുകളുടെ ഉപമ.
C) എങ്ങനെയാണ് ഉപവസിക്കേണ്ടത്.
D) യേശുവിന്റെ അത്ഭുതങ്ങളുടെ അർത്ഥം.

**20) ഉപവാസത്തെക്കുറിച്ചുള്ള യേശുവിന്റെ പ്രബോധനം എന്താണ്?**
**A) മനുഷ്യരെ കാണിക്കുന്നതിനു വേണ്ടിയാകരുത്.**
B) എല്ലാവരോടും ഉപവസിക്കാൻ നാം ആഹ്വാനം ചെയ്യണം.
C) ഉപവാസം സമൂഹത്തിൽ വിളംബരം ചെയ്യണം.
D) ഉപവാസത്താൽ പാപത്തിനു ശമനം ഉണ്ടാകില്ല.

**21) വിശുദ്ധ കുർബാനയിൽ നാം എപ്രകാരം പങ്കെടുക്കണമെന്ന് താഴെപ്പറയുന്നവയിൽ നിന്നും ശരിയായത് തെരഞ്ഞെടുക്കുക?**
**A) ഇവയെല്ലാം ശരിയാണ്.**
B) അലക്ഷ്യമായി പെരുമാററുത്.
C) വിശുദ്ധ കുർബാനക്രമം കയ്യിൽ പിടിക്കണം.
D) പ്രാർത്ഥനകൾ ചൊല്ലണം.

**22) 'നീതിമാന്മാരുടെ കൂടാരത്തിൽ മഹത്വത്തിന്റെയും രക്ഷയുടെയും ശബ്ദം എന്ന് ദാവീദ് മുഖാന്തരം പരിശുദ്ധ റൂഹാ പാടി' എന്ന പ്രഖ്യാപനം നാം എപ്പോഴാണ് കേൾക്കുന്നത്?**
**A) പഴയനിയമ വായനയ്ക്ക് മുമ്പ്.**
B) പ്രഭാത നമസ്കാരത്തിന് മുൻപ്.
C) ശ്ലീഹാ വായനയ്ക്കും ഏവൻഗേലിയോൻ വായനയ്ക്കും ഇടയിൽ.
D) വിശ്വാസപ്രമാണത്തിനുശേഷം.

**23) യേശുക്രിസ്തുവിനെക്കുറിച്ചുള്ള അപ്പോസ്തോലിക പ്രബോധനം ഉൾക്കൊള്ളുന്നത് ഏതാണ്?**

**A) പൗലോസ് ശ്ലീഹായുടെ ലേഖനങ്ങൾ**
B) സങ്കീർത്തനങ്ങൾ
C) തോറാ
D) സദൃശ്യവാക്യങ്ങൾ

**24) 'പൊതുലേഖനങ്ങൾ' എന്നറിയപ്പെടുന്നവയിൽ ഉൾപ്പെടുന്നത് ഏതാണ്?**
**A) 1 പത്രോസ്**
B) ഗലാത്യർ
C) ഫിലിപ്പ്യർ
D) 1 തീമോത്തിയോസ്

**25) പ്രാർത്ഥന പൂർത്തിയാക്കുക: 'കർത്താവേ, നിന്റെ ജനത്തോടു കരുണ ചെയ്യേണമേ. കർത്താവേ, ......... പാപങ്ങൾ പരിഹരിച്ചു മോചിപ്പിക്കേണമേ'.**
**A) ഞങ്ങളുടെ എല്ലാവരുടെയും.**
B) എല്ലാ വിശ്വാസികളുടെയും.
C) വിശ്വാസികളുടെയും വാങ്ങിപ്പോയവരുടെയും.
D) പരിശുദ്ധ സഭയുടെ.

**26) 'യേശുക്രിസ്തുവിന്റെ സുവിശേഷം സ്വീകരിക്കുന്നവർക്ക് ലഭിക്കുന്ന ദൈവരാജ്യത്തെക്കുറിച്ച് ശ്ലീഹന്മാർ പ്രസംഗിച്ചു' എന്ന് പരാമർശിക്കുന്ന ഗീതം ഏതാണ്?**
**A) ഭൂവിലശേഷം.**
B) മോശ ചമച്ചൊരാ.
C) രക്ഷകനുരചെയ്താൻ.
D) മോചനാമതിനായ് പാപികളെ.

**27) 'പൗലോസ് ശ്ലീഹാ ധന്യൻ' എന്നു തുടങ്ങുന്ന ഗീതത്തിൽ പരാമർശിക്കുന്ന വിഷയം ഏതാണ്?**
**A) അപ്പൊസ്തോലിക ഉപദേശങ്ങൾക്ക് എതിരായത് സ്വീകരിക്കരുത്.**
B) ഏവൻഗേലിയോൻ ശ്രദ്ധാപൂർവ്വം കേൾക്കുക.
C) ദൈവത്തിന് എപ്പോഴും സ്തുതി അർപ്പിക്കുക.
D) സ്വർഗീയർ എന്തുപറഞ്ഞാലും അനുസരിക്കണം.

**28) ഗീതഭാഗം പൂരിപ്പിക്കുക.**
**നിബിയന്മാരും -**
**ജാതികളോടേവൻഗേല്യോൻ**
**അറിയിച്ച ശ്ലീഹന്മാരും**
**നയവാന്മാർ പുണ്യപ്പെട്ടോർ**
**....................................**
**ദൈവത്തിൻ മാതാ താനും**
**നല്ല മരിച്ചോർകളുമോർക്ക-**
**പ്പെട്ടീടുന്നിങ്ങവരുടെയാ**
**പ്രാർത്ഥന ഞങ്ങൾക്കെപ്പോഴും**
**കോട്ടയതായിത്തീരേണം.**
**A) സഹദേന്മാർ മൗദ്യാനന്മാർ.**
B) എല്ലാവരെയും നാമോർക്ക.
C) കഹാനേന്മാർ ആചാര്യന്മാർ.
D) മാർ യൂഹാനോൻ സ്നാപകനും.

**29) 'ശിഷ്യന്മാർ മർക്കോസിന്റെ മാളികയിൽ ഒരുമനപ്പെട്ട് പ്രാർത്ഥിച്ചു' എന്ന് അപ്പോസ്തോല പ്രവർത്തികളിൽ പരാമർശിച്ച സന്ദർഭം?**
**A) യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം.**

B) പെന്തിക്കോസ്തിക്കുശേഷം.
C) വേദവിപരീതങ്ങൾ പ്രചരിച്ചപ്പോൾ.
D) ശൗലിന്റെ പീഡനം വർധിച്ചപ്പോൾ.

**30) മാനസാന്തരപ്പെട്ട് ക്രിസ്തീയ സഭയോടു ചേർന്ന പരീശൻ ആരാണ്?**
**<u>A) ശൗൽ</u>**
B) യോഹന്നാൻ സ്നാപകൻ
C) സഖറിയാ പുരോഹിതൻ
D) അകിില്ല

**31) മാർത്തോമ്മാ ശ്ലീഹാ കേരളത്തിൽ വന്നിറങ്ങിയ പ്രമുഖ വാണിജ്യ തുറമുഖം ഏതാണ്?**
**<u>A) മുസരിസ്</u>**
B) പന്തലായനി കൊല്ലം
C) കാപ്പാട്
D) മലയാറ്റൂർ

**32) മാർത്തോമാ ശ്ലീഹായുടെ തിരുശേഷിപ്പ് എ.ഡി. മൂന്നാം നൂറ്റാണ്ടിൽ സ്ഥാപിച്ച സ്ഥലം ഏതാണ്?**
**<u>A) എഡേസ്സാ</u>**
B) ചൈന
C) അർമേനിയ
D) കപ്പദോക്യ

**33) ക്രിസ്തീയ സഭയുടെ കൂട്ടായ്മ വ്യക്തമാക്കുന്ന ഏറ്റവും പ്രധാനപ്പെട്ട നിമിഷം ഏതാണ്?**
**<u>A) വിശുദ്ധ കുർബാന</u>**
B) പെരുന്നാളുകൾ
C) ആദ്യഫല പെരുന്നാൾ
D) പ്രദക്ഷിണം

**34) വിശ്വാസികൾക്ക് അദൃശ്യ സഭയുടെ സാന്നിധ്യം തിരിച്ചറിയുവാൻ സഹായകരമായി ദേവാലയത്തിലുള്ളത് എന്താണ്?**
**<u>A) പള്ളിയുടെ മധ്യഭാഗത്ത് ആളുകൾ നിൽക്കാതെ ഒഴിച്ചിടുന്ന സ്ഥലം.</u>**
B) ധൂപക്കുറ്റി
C) മെഴുകുതിരി
D) തിരശീല

**35) വിശ്വാസികളുടെ സാന്നിധ്യം ഇല്ലാതെ വിശുദ്ധ കുർബാന പുരോഹിതന് അർപ്പിക്കുവാൻ കഴിയുന്ന സഭ ഏതാണ്?**
**<u>A) റോമൻ കത്തോലിക്കാ സഭ</u>**
B) പ്രൊട്ടസ്റ്റന്റ് സഭ
C) കോപ്റ്റിക്ക് ഓർത്തഡോക്സ് സഭ
D) മാസിഡോണിയൻ ഓർത്തഡോക്സ് സഭ

**36) ആരാധനയിൽ ഗായകസംഘത്തിന്റെ (ക്വയർ) പ്രധാന ദൗത്യം എന്താണ്?**
**<u>A) വിശ്വാസികളെ പ്രാർത്ഥനകളും ഗീതങ്ങളും ആലപിക്കുന്നതിന് ഒരുക്കുക.</u>**
B) മദ്ബഹായിലെ ശുശ്രുഷകരെ പരിശീലിപ്പിക്കുക.
C) വിശ്വാസികൾക്ക് പകരം ആരാധനയ്ക്ക് നേതൃത്വം നൽകുക.
D) ആരാധന വേഗത്തിൽ പൂർത്തിയാക്കുക.

**37) വിശുദ്ധ കുർബാനയിലെ സമാധാന ചുംബനത്തിന്റെ ഉദ്ദേശ്യം എന്താണ്?**
**A) ആരോടും വിദ്വേഷം കൂടാതെ കുർബാനയിൽ പങ്കെടുക്കുക.**
B) കുർബാനയ്ക്കുള്ള നേർച്ചകൾ സ്വീകരിക്കുക.
C) എല്ലാവരുടെയും സുഖവിവരം തേടുക.
D) എല്ലാവരും അനുതാപത്തോടെ ദൈവസന്നിധിയിൽ നിൽക്കുക.

**38) യേശുക്രിസ്തുവിന്റെ ജീവിതവുമായി ബന്ധപ്പെട്ട് ആചരിക്കുന്ന പെരുന്നാളുകൾ അറിയപ്പെടുന്നതെങ്ങനെ?**
**A) മാറാനായ പെരുന്നാൾ**
B) ഹൂദോസ് ഈത്തോ
C) ഹാശാ ആഴ്ച
D) ഇവയൊന്നുമല്ല.

**39) സ്നാപക യോഹന്നാനിൽ നിന്നും യേശു സ്നാനം ഏറ്റത് എത്ര വയസ്സുള്ളപ്പോൾ?**
**A) 30**
B) 40
C) 20
D) 2

**40) ഓഗസ്റ്റ് ഒന്നു മുതൽ ആരംഭിക്കുന്ന നോമ്പ് അവസാനിക്കുന്നത് ഏതു പെരുന്നാളിൽ?**
**A) വാങ്ങിപ്പ് പെരുന്നാൾ**
B) കൂടാരപ്പെരുന്നാൾ
C) സ്ലീബാ പെരുന്നാൾ
D) വചനിപ്പ് പെരുന്നാൾ

**41) വിശുദ്ധ കൂദാശകളുടെ ആത്യന്തിക ലക്ഷ്യം എന്താണ്?**
**A) വിശുദ്ധീകരണത്തിലേക്ക് നയിക്കുക.**
B) വിശ്വാസികളെ കൂട്ടായ്മയിലേക്ക് നയിക്കുക.
C) എല്ലാവരെയും അനുതാപത്തിലേക്ക് നയിക്കുക.
D) എല്ലാവരെയും ദൈവഭയത്തിലേക്ക് നയിക്കുക.

**42) ഓർത്തഡോക്സ് സഭയിൽ വിശുദ്ധ കൂദാശകളുടെ എണ്ണം എത്രയാണ്?**
**A) നിജപ്പെടുത്തിയിട്ടില്ല.**
B) ഏഴ്
C) എട്ട്
D) പന്ത്രണ്ട്

**43) ഒരു പട്ടാളക്കാരനായി ഔദ്യോഗിക ദൗത്യം നിർവഹിച്ച സഹദാ ആരാണ്?**
**A) മാർ ഗീവർഗീസ്**
B) മാർ ഇഗ്നാത്തിയോസ്
C) മാർ മത്തായി
D) മാർ കുറിയാക്കോസ്

**44) വിശുദ്ധ ഗീവർഗീസ് സഹദാ തന്റെ യൗവനകാലം ചിലവിട്ടത് എവിടെ?**
**A) പാലസ്തീൻ**
B) റോം
C) ഈജിപ്റ്റ്
D) കൊരിന്ത്

**45) താഴെപ്പറയുന്നവയിൽ നിന്നും വിശുദ്ധരുടെ സവിശേഷതകൾ ഏതെല്ലാം എന്ന് തിരഞ്ഞെടുക്കുക?**

**A) ഇവയെല്ലാം ശരിയാണ്.**

B) ദൈവഹിതം അനുസരിച്ച് ജീവിക്കുന്നു.

C) ദൈവിക സംസർഗ്ഗത്തിൽ കഴിയുന്നു.

D) മനുഷ്യരെ സ്നേഹിക്കുന്നു.

**46) യേശുവിന്റെ വളർത്തുപിതാവായ യൗസേഫിന്റെ 'സ്വന്തപട്ടണം' ഏതാണ്?**

**A) ബേത്‌ലഹേം**

B) യെരുശലേം

C) നസ്രേത്ത്

D) ബഥനി

**47) ഏതു കാര്യത്തിന്റെ പ്രധാന ലക്ഷണമാണ് 'നല്ല പെരുമാറ്റം'?**

**A) സംസ്കാരം**

B) സമ്പത്ത്

C) സ്വാതന്ത്ര്യം

D) അഹന്ത

**48) ഹെബ്രോനിലെ മെമ്രയുടെ തോപ്പിൽ വസിക്കുകയും അതിഥി സൽക്കാരത്തിന് പ്രാധാന്യം നൽകുകയും ചെയ്ത കുടുംബം ആരുടേത്?**

**A) അബ്രഹാം**

B) നോഹ

C) ജോസഫ്

D) റൂബേൻ

**49) കൃത്യനിഷ്ഠ പാലിക്കുന്നവരുടെ ജീവിതശൈലിയിൽ ഉൾപ്പെടുന്നത് ഏതാണ്?**

**A) ഇവയെല്ലാം ശരിയാണ്.**

B) എല്ലാ ദിവസവും കൃത്യസമയത്ത് ഉണരുന്നു.

C) എല്ലാദിവസവും കൃത്യസമയത്ത് പഠിക്കുന്നു.

D) എല്ലാദിവസവും കൃത്യസമയത്ത് പ്രാർത്ഥിക്കുന്നു.

**50) ആത്മീയ ജീവിതത്തിൽ കൃത്യത പാലിക്കുന്നതിന് നമ്മെ സഹായിക്കുന്നവയെ തെരഞ്ഞെടുക്കുക.**

**A) ഇവയെല്ലാം ശരിയാണ്.**

B) യാമപ്രാർത്ഥനകൾ

C) നോമ്പ്

D) ഉപവാസം